ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ മേൽ നടപടി എടുക്കത്തക്ക പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല.

70 (466) കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് മേഖലയിൽ വെള്ളപ്പൊക്കംമൂലം അടിക്കടി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി തോട്ടപ്പള്ളി കനാലിന്റെ വീതി കൂട്ടി ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ;

(സി) കുട്ടനാട് മേഖലയിൽ ഒഴുകിയെത്തുന്ന അധികജലം വാർന്നു പോകാൻ ഷട്ടറുകൾ കൃത്യസമയങ്ങളിൽ തുറന്നുവയ്ക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കാലവർഷാരംഭത്തിൽത്തന്നെ അഴിമുഖത്തെ മണൽത്തിട്ട നീക്കം ചെയ്ത് നീരൊഴുക്കിനുള്ള സൗകര്യം വർദ്ധിപ്പിച്ച് കൂടെക്കൂടെ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ കാഠിന്യം ലഘൂകരിക്കാറുണ്ട്. കൂടാതെ കുട്ടനാട്ടിലൂടെ ഒഴുകുന്ന പമ്പ, മണിമല, അച്ചൻകോവിൽ തുടങ്ങിയ നദീതീരങ്ങളിൽ അത്യാവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ കൽക്കെട്ടുകൾ നിർമ്മിച്ച് ബലപ്പെടുത്തുകയും മടവീഴാൻ സാദ്ധ്യതയുള്ള പാടശേഖരങ്ങളിൽ കൽക്കെട്ട് നിർമ്മിച്ച് സംരക്ഷിച്ചിട്ടുള്ളവയുടെ പുറം ബണ്ടുകൾ ഉയർത്തി നിർമ്മിച്ചും ബണ്ട് ഇല്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബണ്ടുകൾ പണിതും നാശനഷ്ടങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കാറുണ്ട്.

(ബി) വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനുവേണ്ടി തോട്ടപ്പള്ളി കനാൽ ആഴം കൂട്ടുന്നതിനും വീതി വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതി പരിഗണനയിലുണ്ട്.

(സി) ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

71 (467) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം

ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കാലവർഷം ആരംഭിച്ചപ്പോൾതന്നെ തിരുവനന്തപുരം നഗരത്തിലെ തമ്പാനൂർ, പഴവങ്ങാടി എന്നിവിടങ്ങളിൽ നിരവധി തവണ വെള്ളപ്പൊക്കം ഉണ്ടായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രെയിനേജ് കവിഞ്ഞൊഴുകിയെത്തുന്ന മലിനജലത്തിലൂടെ ആണ് റെയിൽവേ സ്റ്റേഷൻ, രണ്ട് ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലേക്ക് ആയിരക്കണക്കിനാളുകൾ എത്തിച്ചേരേണ്ടതെന്ന കാര്യം അറിവുണ്ടോ;

(സി) വെള്ളപ്പൊക്ക നിവാരണത്തിന് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പുതുതായി നിർമ്മിച്ച നിരവധി ഓടകൾ കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാനാകുമോ;

(ഡി) പ്രധാന തോട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യമാണ് നീരൊഴുക്കിനുള്ള പ്രധാന തടസ്സമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം ഏതു ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിനായി രൂപീകരിച്ച ഉദ്യോഗസ്ഥൻമാരുടെയും ജനപ്രതിനിധികളുടെയും കമ്മിറ്റി ഏതെങ്കിലും ശുപാർശ ഗവൺമെന്റിന് നൽകുകയുണ്ടായോ;

(ജി) വെള്ളം നിറഞ്ഞുകിടക്കുന്ന ഭാഗത്തെ സ്ലാബു പൊട്ടിയ ഓടയിലും കുഴികളിലുംപെട്ട് അപകടം സംഭവിക്കുന്നവരുടെ കാര്യത്തിൽ എന്ത് ആശ്വാസ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തലസ്ഥാനത്തെത്തുന്നവർക്ക് തമ്പാനൂരിലെ മലിനജല പ്രളയത്തിൽ നിന്നും മോചനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ പ്രദേശങ്ങളിലെ റോഡുസൈഡിലെ ഓടകളും തോടുകളും കരകവിഞ്ഞൊഴുകുന്നതുമൂലമാണ് മേൽപ്പറഞ്ഞ വൈഷമ്യം ഉണ്ടായത്.

(സി) നഗരത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലുള്ള പണികൾ മുഴുവൻ നടപ്പിലാക്കിയാലെ ഈ പ്രശ്നം നല്ലൊരളവു വരെ പരിഹരിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന ആമയിഴഞ്ചാൻ തോട്, പഴവങ്ങാടിതോട് മുതലായവയിലെ മാലിന്യങ്ങൾ ഈ വകുപ്പ് നീക്കം ചെയ്യുന്നുണ്ട്. നഗരത്തിലെ പ്രധാന ഓടകളിലേയും തോടുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും കോർപ്പറേഷന്റെ ചുമതലയിൽ നീങ്ങുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിന് ആവശ്യം നടപ്പാക്കേണ്ട പ്രവൃത്തികളുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അവ ഗവൺമെന്റ് അംഗീകാരത്തോടുകൂടി ഇപ്പോൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതിനുള്ള നടപടികൾ ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(എച്ച്) നഗരത്തിലെ വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽപ്പെടുത്തി ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

72 (468) വേനൽക്കാലത്തെ കുടിവെള്ളക്ഷാമം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഉപകരിക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) നിലവിൽ അത്തരത്തിലുള്ള ചെറുതോ വലുതോ ആയ ഏതെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) വേനൽക്കാലം ഉൾപ്പെടെ എല്ലാക്കാലത്തും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള സ്ഥായിയായ സംവിധാനങ്ങളാണ് ജല അതോറിറ്റി പ്രധാനമായും ഏറ്റെടുത്തു നടത്തിവരുന്നത്. എന്നാൽ സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ പദ്ധതികൾ ഏറ്റെടുത്തു പൂർത്തിയാക്കാൻ ആവുകയുള്ളൂ.

(ബി) സംസ്ഥാന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജല അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

73 (469) ജലഅതോറിറ്റിയിലെ ജോലികളുടെ കരാർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി റോസമ്മാ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ എഞ്ചിനീയറിംഗ്-സംഭരണ-നിർമ്മാണ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) ഈ വ്യവസ്ഥയുടെ പ്രവർത്തനരീതി എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ വ്യവസ്ഥ നിലവിൽ വരുന്നതോടുകൂടി നാട്ടുകാരായ കരാറുകാർക്ക് ജല അതോറിറ്റിയുടെ ജോലികളുടെ കരാർ കാര്യത്തിൽ മുൻഗണന ലഭിക്കുവാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly